**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4102** **17-03-2025 - ൽ മറുപടിയ്ക്ക്**

**തസ്തികമാറ്റം വഴി നിയമിതരായ ജീവനക്കാരുടെ സീനിയോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 27.10.2022 ലെ സർക്കാർ ഉത്തരവ് നം. (പി)74/2022/എൽ.എസ്.ജി.ഡി. ഗസറ്റിലെ എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 3 പ്രകാരം 27.10.2022-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ഇന്റർ സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം തയ്യാറാക്കിയിട്ടുണ്ടോ; നിലവിൽ ഏതെങ്കിലും തസ്തികയുടെ ഇന്റർ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ക്ലോസിലെ Appointment by different methods എന്നതിലെ Different methods എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 27.10.2022 ലെ സ.ഉ.(പി) നം. 74/2022/ എൽ.എസ്.ജി.ഡി പ്രകാരമുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ 2022, ചട്ടം 3(3) പ്രകാരം 27.10.2022 ന് ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ ഇന്റർസേ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വ്യത്യസ്ത രീതിയിലുള്ള നിയമനം എന്നതിൽ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ മുഖേനെയുള്ള നിയമനം, ബൈ ട്രാൻസ്ഫർ നിയമനം എന്നിങ്ങനെ വിശേഷാൽ ചട്ടങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള നിയമനങ്ങൾ ഉൾപ്പെടുന്നു. |
| (ബി) | ഇന്റഗ്രേഷന് മുമ്പുണ്ടായിരുന്ന വകുപ്പിലെ ജീവനക്കാരൻ താഴ്ന്ന തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി ഉയർന്ന തസ്തികയിലേക്ക് മാറിയാൽ ഇന്റഗ്രേഷന് ശേഷമുള്ള നിയമനമായി കണക്കാക്കി, എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 3 പ്രകാരം ഇന്റർ സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയാണോ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസിലേയ്ക്കോ സ്റ്റേറ്റ് സർവ്വീസിലേയ്ക്കോ 27.10.2022നു ശേഷം ആദ്യമായി വിവിധ മാർഗ്ഗങ്ങളിലൂടെ നിയമനം ലഭിക്കുന്നവർക്ക് ഇന്റർ സേ സീനിയോറിറ്റി തയ്യാറാക്കേണ്ടതായിട്ടുണ്ട്. |
| (സി) | ഇന്റഗ്രേഷന് ശേഷം തസ്തികമാറ്റം വഴി ഒരു തസ്തികയിൽ നിന്നും മറ്റ് തസ്തികയിലേയ്ക്ക് നിയമിതരായ ജീവനക്കാരെ നിലവിലെ പഴയ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ഇന്റഗ്രേഷന് ശേഷം സ്റ്റേറ്റ് സർവ്വീസിൽ നിയമിതരായവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ